(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ അപേക്ഷ ലഭിച്ച് 7 ദിവസ പരിധിക്കുള്ളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസ പരിധിക്കുള്ളിൽ WP കണക്ഷനുകളും, 1 കി.മീ. വരെയുള്ള OH ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോ മീറ്ററിനും 15 ദിവസം വീതവും വരെയുള്ള സമയപരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകിവരുന്നു. കണക്ഷൻ ലഭ്യമാക്കാൻ ചെലവാകുന്ന ഇക അടച്ച ടി 34 ഉപഭോക്താക്കൾക്കും മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ മറ്റ് തടസ്സങ്ങളില്ലെങ്കിൽ കണക്ഷനുകൾ നൽകാവുന്നതാണ്.

അനെർട്ടിലെ നിയമന നടപടികൾ

41 (4032) ശ്രീ.വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിലെ വിവിധ തസ്തികകളിലേക്ക് ഉള്ള നിയമന നടപടികൾ നിർത്തി വെയ്ക്കാൻ നിർദ്ദേശം നിലവിലുണ്ടോ ;

(ബി) പ്രസ്തുത സർക്കാർ നിർദ്ദേശം ലംഘിച്ചു കൊണ്ട് സ്ഥാപനത്തിൽ ഏതെങ്കിലും തസ്തികകളിലേക്ക് നിയമന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ ക്രമക്കേടുകളിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 20-7-2011-ലെ 4560/പി.എസ്.2/2011/പി.ഡി. നമ്പർ സർക്കാർ കത്ത് പ്രകാരം അനെർട്ടിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന നടപടികൾ നിർത്തിവയ്ക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) നിർദ്ദേശം ലംഘിച്ചുകൊണ്ട് നിയമനം നടത്തിയിട്ടില്ല.

കാസർഗോഡ് ജില്ലയിൽ വാടകക്കെട്ടിടത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ

42 (4033) ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.-യുടെ എത്ര ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രസ്തുത വാടകയിനത്തിൽ പ്രതിമാസം കെ.എസ്.ഇ.ബി. എത്ര ഇക കണ്ടെത്തണം ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കെ.എസ്.ഇ.ബി.യുടെ പല ഓഫീസുകളും പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ആവശ്യത്തിന് റവന്യൂ ഭൂമി ലഭ്യമാക്കാവുന്ന സാഹചര്യത്തിൽ സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly